# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1814 — 31.01.2018-ൽ മറുപടിക്ക്

**<u>മ്യൂസിയം - പുരാവസ്തു സംരക്ഷണ വകുപ്പിൽ നിലവിൽ ഗ്യാലറി അറ്റെൻഡർമാരുടെ ഒഴിവുകൾ</u>**

**ചോദ്യം**
ശ്രീ. ഇ.കെ.വിജയൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മ്യൂസിയം - പുരാവസ്തു സംരക്ഷണ വകുപ്പിൽ നിലവിൽ ഗ്യാലറി അറ്റെൻഡർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നു വിശദമാക്കാമോ? | (എ) | പുരാവസ്തു സംരക്ഷണ വകുപ്പിൽ നിലവിൽ ഗ്യാലറി അറ്റൻഡർമാരുടെ 2 ഒഴിവുകളും മ്യൂസിയം മൃഗശാലാ വകുപ്പിൽ 1 ഒഴിവും ഉണ്ട്. |
| (ബി) | ഗ്യാലറി അറ്റെൻഡർമാരുടെ നിയമനം നടത്തുന്നതിനു സ്പെഷ്യൽ റൂൾ ഉണ്ടോ ; | (ബി) | കേരളാ ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് ഗ്യാലറി അറ്റൻഡറുടെ ഒഴിവുകളിൽ നിയമനം നടത്തുന്നത്. |
| (സി) | പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ പുരാവസ്തു വകുപ്പിൽ ഗ്യാലറി അറ്റൻഡന്റ് തസ്തിക ഒഴിവിൽ തസ്തികമാറ്റം വഴിയുള്ള അപേക്ഷ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ